"ഭരണഭാഷ-മാതൃഭാഷ"

കേരള സർക്കാർ

## സംഗ്രഹം

ധനകാര്യ വകുപ്പ് - ബജറ്റ് വിഹിതം 2026-27- 15-ാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് - അടൂർ നഗരസഭയ്ക്ക് 2023-24 കാലയളവിലേക്ക് നോൺ മില്ല്യൺ പ്ലസ് സിറ്റികൾക്കുള്ള ടൈഡ് ഫണ്ട് തുകയായി അനുവദിച്ചിട്ടുള്ളതും, 2024-2025 സാമ്പത്തിക വർഷത്തിൽ ബിൽ പാസ്സാകാത്തതിനാൽ സർക്കാരിലേക്ക് തിരികെ പോയതുമായ തുക പുനരനുവദിച്ച് ഉത്തരവാകുന്നു.

---

**ധനകാര്യ (എസ്.എഫ്.സി.സെൽ-എ) വകുപ്പ്**

സ.ഉ.(സാധാ)നം.8325/2026/ധന തീയതി,തിരുവനന്തപുരം, 30-10-2026

---

പരാമർശം : 1. 19/06/2025 തീയതിയിലെ അടൂർ നഗരസഭ സെക്രട്ടറിയുടെ 19.06.2025-ലെ എ1-451228/2025 നമ്പർ കത്ത്.

2. 10/07/2026 തീയതിയിലെ അടൂർ സബ്ട്രഷറി ഓഫീസറുടെ കത്ത്.

3. 15/07/2026 തീയതിയിലെ എൽ.എസ്.ജി.ഡി പ്രിൻസിപ്പൽ ഡയറക്ടറുടെ എൽ.എസ്.ജി.ഡി/പിഡി/12183/2025-ഡി.പി.എൽ.സി5 നം. കത്ത്.

4. സ.ഉ.(സാധാ)നം.8149/2026/ധന തീയതി 26-10-2026

## ഉത്തരവ്

2024-2025 സാമ്പത്തിക വർഷം, അടൂർ നഗരസഭയ്ക്ക് 2023-24 കാലയളവിലേക്ക് നോൺ മില്ല്യൺ പ്ലസ് സിറ്റികൾക്കുള്ള ടൈഡ് ഫണ്ട് തുകയായി അനുവദിച്ചിട്ടുള്ളതും, 2024-2025 സാമ്പത്തിക വർഷത്തിൽ സാങ്കേതിക കാരണങ്ങളാൽ ബിൽ പാസ്സാകാത്തതിനാൽ സർക്കാരിലേക്ക് തിരികെ പോയതുമായ ₹ 1,53,73,200 /- രൂപ പുനരനുവദിക്കാനായി പരാമർശം (1) പ്രകാരം സർക്കാരിന് അടൂർ നഗരസഭ സെക്രട്ടറി അപേക്ഷ സമർപ്പിച്ചിട്ടുണ്ട്.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിക്കുകയും, സൂചന (2) ലെ അടൂർ സബ്ട്രഷറി ഓഫീസറുടെ കത്തിന്റെയും സൂചന (3) ലെ എൽ.എസ്.ജി.ഡി പ്രിൻസിപ്പൽ ഡയറക്ടറുടെ റിപ്പോർട്ടിന്റെയും അടിസ്ഥാനത്തിൽ, 2023-24 കാലയളവിലേക്ക് നോൺ മില്ല്യൺ പ്ലസ് സിറ്റികൾക്കുള്ള ടൈഡ് ഫണ്ട് ഇനത്തിൽ അനുവദിച്ചിട്ടുള്ള ₹ 1,53,73,200 /- രൂപ (ഒരു കോടി അൻപത്തി മൂന്നു ലക്ഷത്തി എഴുപത്തി മൂവ്വായിരത്തി ഇരുന്നൂറ് രൂപ മാത്രം) 2026-27 സാമ്പത്തിക വർഷത്തിലെ 3604-00-200-85-07-35 ശീർഷകത്തിൽ നിന്നും അടൂർ നഗരസഭയ്ക്ക് (M030100) പുനരനുവദിച്ചു ഉത്തരവാകുന്നു.

3. മേൽ ഇനം പതിനഞ്ചാം ധനകാര്യ കമ്മീഷൻ ടൈഡ് ഗ്രാന്റ് നിക്ഷേപിക്കുന്നതിന് വേണ്ടി തുടങ്ങിയിട്ടുള്ള PFMS അക്കൗണ്ടിൽ നിക്ഷേപിക്കുന്നതിന് അടൂർ നഗരസഭ സെക്രട്ടറിയെ ചുമതലപ്പെടുത്തുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)
**പി ഗോപകുമാർ**
**അഡിഷണൽ സെക്രട്ടറി (ധനകാര്യം)**

സ്വീകർത്താക്കൾ
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്-I), കേരള, തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ & ഇ), കേരള, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്-II), കേരളം, തിരുവനന്തപുരം
പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്, തിരുവനന്തപുരം
സെക്രട്ടറി, അടൂർ നഗരസഭ, പത്തനംതിട്ട
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം
ഡയറക്ടർ, വിവര പൊതുജന സമ്പർക്ക വകുപ്പ്, തിരുവനന്തപുരം
തദ്ദേശ സ്വയംഭരണ (എഫ്.എം) വകുപ്പ്
നോഡൽ ഓഫീസർ, ധനകാര്യ വകുപ്പ് (www.finance.kerala.gov.in)
ധനകാര്യ (ബി.ഡബ്ല്യു-ജെ / ഡെവലപ്.വിംഗ്/ എസ്.എസ് ) വകുപ്പ്
കരുതൽ ഫയൽ/ ഓഫീസ് പകർപ്പ് (ഇ- 3620152)

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ